"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്) കോഴ്സ് - മാർജിനൽ ഇൻക്രീസ് ഉൾപ്പെടെയുള്ള ആകെ സീറ്റുകളിലെ 10% സീറ്റുകൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നാക്ക സമുദായങ്ങൾക്ക് സംവരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.3316/2020/പൊ.വി.വ** തീയതി,തിരുവനന്തപുരം, 16/12/2020

പരാമർശം:- 1) കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ (ഉന്നത വിദ്യാഭ്യാസ വകുപ്പ്) 17.01.2019 ലെ 12-4/2019-U1 നം ഓഫീസ് മെമ്മോറാണ്ടം.

2) കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയത്തിന്റെ (സാമൂഹ്യനീതിയും ശാക്തീകരണവും വകുപ്പ്) 17.01.2019 ലെ 20013/01/2018-BC-II നം ഓഫീസ് മെമ്മോറാണ്ടം.

3) കേന്ദ്ര ഉദ്യോഗസ്ഥ, പൊതുജന പരാതി, പെൻഷൻ മന്ത്രാലയത്തിന്റെ (ഉദ്യോഗസ്ഥ പരിശീലന വകുപ്പ്) 19.01.2019 ലെ 36039/1/2019/Estt (Res) നം ഓഫീസ് മെമ്മോറാണ്ടം.

4) 03.01.2020 ലെ സ.ഉ(അച്ചടി)നം.1/2020/ഉ.ഭ.പ.വ.

5) 12.02.2020 ലെ സ.ഉ(കൈ)നം.2/2020/ഉ.ഭ.പ.വ.

6) 03.03.2020 ലെ സ.ഉ(കൈ)നം.5/2020/ഉ.ഭ.പ.വ.

7) 11.08.2020 ലെ സ.ഉ.(കൈ)നം.137/2020/പൊ.വി.വ.

8) 28.09. 2 0 2 0 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എം2/19234/2020/ഡി.ജി.ഇ. നമ്പർ കത്ത്.

9) 10.12.2020 ലെ സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷന്റെ എ5/3/1/2020-കെ.പി.എസ്.സി നം കത്ത്.

**<u>ഉത്തരവ്</u>**

103-ാം ഭരണഘടന ഭേദഗതി പ്രകാരവും പരാമർശം (1) മുതൽ (3) വരെയുള്ള തുടർ വിജ്ഞാപനങ്ങളും വഴി മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) നിയമനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും 10% സംവരണം ഏർപ്പെടുത്താൻ തീരുമാനിച്ചിരുന്നു. സംസ്ഥാനത്തെ ജനറൽ കാറ്റഗറിയിൽ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) 10% സംവരണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ജസ്റ്റിസ് (Rtd) കെ.ശശിധരൻനായർ കമ്മീഷൻ സമർപ്പിച്ച ശുപാർകൾ അംഗീകരിച്ചുകൊണ്ട് പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, പരാമർശം (5) പ്രകാരം നിയമനത്തിനും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) 10% സംവരണം

നടപ്പിലാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിരുന്നു. പരാമർ ശം ( 6 ) പ്രകാരം പ്രസ്തുത സർക്കാർ ഉത്തരവ് ഭേതഗതിയും വരുത്തിയിരുന്നു.

സംസ്ഥാനത്തെ സർക്കാർ ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ അനുവദിച്ച വിവിധ ബാച്ചുകളിലെ മാർജിനൽ ഇൻക്രീസ് ഉൾപ്പെടെയുള്ള ആകെ സീറ്റുകളിലെ 10% സീറ്റുകൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നാക്ക സമുദായങ്ങൾക്ക് സംവരണം ചെയ്ത് പരാമർശം ( 7 ) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ, ഡി.എൽ.എഡ്. കോഴ്സിലേയ്ക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപന പ്രകാരം റ്റി.റ്റി.ഐ. കളിലെ നിലവിലെ ഡി.എൽ.എഡ്. കോഴ്സുകളിലേയ്ക്കും പ്രസ്തുത സംവരണം ഏർപ്പെടുത്തുന്നതിനാവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കണമെന്നഭ്യർത്ഥിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (8) പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

ഡി.എൽ.എഡ് പ്രവേശനം സംബന്ധിച്ച് മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശം പരാമർശം ( 9 ) ലെ കത്ത് പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗീകരിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരമാർ ശം (7) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ ഡി.എൽ.എഡ്. കോഴ്സുകളിലെ വിവിധ ബാച്ചുകളിൽ മാർജിനൽ ഇൻക്രീസ് ഉൾപ്പെടെയുള്ള ആകെ സീറ്റുകളിലെ 10% സീറ്റുകൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നാക്ക സമുദായങ്ങൾക്ക് സംവരണം ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാന്**

**സെക്രട്ടറി**

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം

സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (ഡി.ജി.ഇ മുഖാന്തിരം)

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

വിവര പൊതുജനസമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിലും മാദ്ധ്യമങ്ങളിലും പ്രസിദ്ധീകരണത്തിനായി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by Sivakumar V
Date: 2020.12.16 16:20:16 IST
Reason: Approved

സെക്ഷൻ ഓഫീസർ